ഗുരുവിന്റെ സെക്യുലറിസവും ഇ എം എസും

കെ എസ് സുദീപ് (updated July 11, 2020)

> ശ്രീനാരായണ ഗുരുവിനെയും സഹോദരൻ അയ്യപ്പനെയും പറ്റി എഴുതിയ ഒരു ലേഖനത്തിൽ : "എല്ലാ ജാതിയിലും പെട്ട പാവപ്പെട്ട ബഹുജനങ്ങളെ സാമ്രാജ്യാധിപത്യത്തിനും ഫ്യൂഡലിസത്തിനുമെതിരെ സംഘടിപ്പിക്കുന്നതിനു പകരം അവർണ സമുദായങ്ങളിലെ ഈ ജനലക്ഷങ്ങളെ സവർണ സമുദായങ്ങൾക്കെതിരെ അണിനിരത്തുകയാണ് അവർ ചെയ്തത്." എന്നാണ് ഇ എം എസ് പറയുന്നത്.

ശ്രീനാരായണ ഗുരുവിന്റെ വചനങ്ങൾ കേരളം കേട്ട ആദ്യത്തെ 'secular sermons' ആണെന്നാണ് 'ചരിത്രത്തെ അഗാധമാക്കിയ ഗുരു' എന്ന പുസ്തകത്തിൽ ശ്രീ. കെ പി അപ്പൻ നിരീക്ഷിക്കുന്നത്. എന്നാൽ ആ വചനങ്ങൾ 'സെക്കുലർ' ആവുന്നത് നാം ആ വാക്കിനെ ഇന്നറിയുന്ന അർത്ഥത്തിലല്ല. യൂറോപ്പിൽ രൂപപ്പെട്ട 'മതത്തിൽ നിന്നു മുക്തമായ രാഷ്ട്രം' എന്ന അർത്ഥത്തിലുള്ള സെക്കുലറിസത്തിത്തിൽ നിന്നും അതിനെ തങ്ങളുടെ സമൂഹത്തിലെ ജാതി / മത അധികാര സ്ഥാപനങ്ങളെ നോവിക്കാത്ത രീതിയിൽ 'എല്ലാ മതങ്ങളുടെയും പുരോഹിത വർഗ്ഗത്തെ മാനിക്കുന്ന' ഒന്നായി രൂപാന്തരപ്പെടുത്തിയ നെഹ്രുവിയൻ 'ഇന്ത്യൻ സെക്കുലറിസ'ത്തിൽ നിന്നും ഒരേ സമയം വേറിട്ടു നിൽക്കുന്നു ഗുരുവിന്റെ ഈ 'സെക്കുലർ' സുവിശേഷങ്ങൾ. ജാത്യാധികാരത്തിൽ അധിഷ്ടിതമായ പുരോഹിതവർഗ്ഗങ്ങളുടെ മേൽക്കോയ്മയെ ചോദ്യം ചെയ്യുന്നതും അതേസമയം ജനങ്ങളുടെ മതസ്വാതന്ത്ര്യത്തെ

ബഹുമാനിക്കുന്നതുമായ ഒന്നാണത്. മേലുദ്ധരിച്ച അരുവിപ്പുറത്തെ പ്രശസ്തമായ ആലേഖനം തന്നെ നോക്കുക – മതം പാടില്ല എന്നോ മതഭേദം പാടില്ല എന്നോ അല്ല അതിൽ പറയുന്നത്, 'മതദ്വേഷം' കൂടാതെ 'സോദരത്വേന വാഴുന്ന' സ്ഥലമാണിത് എന്നാണ്. അതോടൊപ്പം തന്നെ ജാതിഭേദമില്ല എന്നുറപ്പിക്കുകയും ചെയ്യുന്നു അത്.

.....

നാലഞ്ച് കൊല്ലമായി നമുക്കു ജാതിയില്ല എന്നൊക്കെ പറഞ്ഞ് സിപിഎം വല്ലാതെ ആഘോഷമാക്കി കൊണ്ടു നടക്കുന്ന ശ്രീനാരായണ ഗുരുവിനെക്കുറിച്ച് 1995ൽ ശിവഗിരിയിലേക്ക് ഇഎംഎസിനെ ക്ഷണിച്ച സമയത്ത് ആ ക്ഷണം സ്വീകരിക്കാതിരിക്കാനുള്ള തന്റെ തീരുമാനത്തെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ എഴുതി : '..എന്നാൽ അദ്ദേഹത്തിന്റെ സന്ദേശങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ടെന്നും കേരളത്തിന്റെ ഇനിയങ്ങോട്ടുള്ള വളർച്ചയ്ക്ക് ശ്രീനാരായണൻ വഴി കാണിക്കുന്നുവെന്നും മറ്റും പറയുന്നതിനോട് എനിക്കു യോജിക്കാൻ കഴിയുകയില്ല. ശ്രീനാരായണ പ്രസ്ഥാനത്തിന്റെയും തീർത്ഥാടന പരിപാടികളുടെയും സംഘാടകരോ വക്താക്കളോ ആയി പൊതുജനങ്ങളുടെ മുന്നിൽ എന്നെപ്പോലുള്ളവർ വരുന്നത് അവിവേകമായിരിക്കും." (ദേശാഭിമാനി വാരിക, 1995 ജനുവരി 15-21).

ശ്രീനാരായണ ഗുരുവിനെയും സഹോദരൻ അയ്യപ്പനെയും പറ്റി അതിനു ശേഷം എഴുതിയ ഒരു ലേഖനത്തിൽ : "എല്ലാ ജാതിയിലും പെട്ട പാവപ്പെട്ട ബഹുജനങ്ങളെ സാമ്രാജ്യാധിപത്യത്തിനും ഫ്യൂഡലിസത്തിനുമെതിരെ സംഘടിപ്പിക്കുന്നതിനു പകരം അവർണ സമുദായങ്ങളിലെ ഈ ജനലക്ഷങ്ങളെ സവർണ സമുദായങ്ങൾക്കെതിരെ

അണിനിരത്തുകയാണ് അവർ ചെയ്തത്.” (ദേശാഭിമാനി വാരാന്തപ്പതിപ്പ്, 30 മാർച്ച് 1997) എന്നാണ് ഇ എം എസ് പറയുന്നത്.

(ലേഖകന്റെ ‘ജാതിഭേദവും മതദ്വേഷവുമില്ലാത്ത ജീവിതത്തിന്റെ സാധ്യതകൾ’ എന്ന പുസ്തകത്തിൽ നിന്ന്. Kindle Direct Publishing. വില 99 രൂപ.)

ഞങ്ങളുടെ ഫേസ്ബുക് പേജ് ലൈക് ചെയ്യൂ..